**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 163** **05-02-2026 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ എം മുകേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സ്ത്രീ ശാക്തീകരണ പ്രസ്ഥാനമായ കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ ഈ സർക്കാർ എന്തെല്ലാം ഇടപെടലുകളാണ് നടത്തിയതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സ്ത്രീ ശാക്തീകരണ പ്രസ്ഥാനമായ കുടുംബശ്രീയുടെ പ്രവർത്തനങ്ങളിൽ ചുവടെപ്പറയുന്ന ഇടപെടലുകൾ നടത്തിയിട്ടുണ്ട്.<br><br>**സംഘടന**<br><br>1. ഓക്സിലറി ഗ്രൂപ്പുകൾ:- കുടുംബശ്രീ ബൈലോ അനുസരിച്ച്, ഒരു കുടുംബത്തിലെ ഒരു സ്ത്രീക്ക് മാത്രമേ കുടുംബശ്രീ അയൽക്കൂട്ടത്തിൽ ചേരാനും പ്രവർത്തിക്കാനും സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിലാണ് 2021-22 ൽ, യുവതികളുടെ സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസ-ഉപജീവന വികസനം എന്ന ലക്ഷ്യത്തോടെ, അയൽക്കൂട്ടങ്ങളിൽ അംഗങ്ങളല്ലാത്ത 18 നും 40 നും ഇടയിൽ പ്രായമുള്ള യുവതികളെ ഉൾപ്പെടുത്തി സഹായ (ഓക്സിലറി ഗ്രൂപ്പ് ) ഗ്രൂപ്പുകൾ എന്ന പേരിൽ യുവതികളുടെ കൂട്ടായ്മ ആരംഭിച്ചത്. അങ്ങനെ, 19,472 ഗ്രൂപ്പുകൾ രൂപീകരിക്കുകയും 3,00,542 അംഗങ്ങളെ ഉൾപ്പെടുത്തുകയും ചെയ്തു. നിലവിൽ സ്ത്രീകളുടെ സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടുന്നതിനുള്ള വിവിധ സർക്കാർ, സർക്കാരിതര വേദികളുമായി സംയോജിച്ച് വിവിധ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനും, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സഹകരണ സ്ഥാപനങ്ങൾ, വിവിധ പൊതുമേഖല, സ്വകാര്യ ഏജൻസികൾ നടപ്പിലാക്കുന്ന വിവിധങ്ങളായ ഉപജീവന, നൈപുണ്യ പദ്ധതികളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും, സംയോജിച്ച് പ്രവർത്തിക്കുന്നതിനും ഇതുവഴി സുസ്ഥിര ഉപജീവനം സാധ്യമാക്കുന്നതിനുമുള്ള അവസരം സൃഷ്ടിക, സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങൾ ചെയ്യുക എന്നിവ വഴി സാമ്പത്തിക സ്വയംപര്യാപ്തത ഉറപ്പുവരുത്തുന്നതിനും യുവതികളെ വൈജ്ഞാനിക സമ്പദ്ഘടനയുടെ ഭാഗമാക്കി മാറ്റി തൊഴിൽ സംസ്കാരത്തിൽ മാറ്റങ്ങൾ വരുത്തുന്നതിന് ആവശ്യമായ പ്രതലം സൃഷ്ടിക്കൽ, സ്വയം തൊഴിൽ, സ്റ്റാർട്ട് അപ്പുകൾ തുടങ്ങി വിവിധ മേഖലയോടുള്ള കാഴ്ചപ്പാടുകൾ, രീതികൾ, തൊഴിൽ രംഗത്തെ ജെൻഡർ കാഴ്ചപ്പാടുകൾ എന്നിവയിൽ മാറ്റം സൃഷ്ടിക്കൽ, സ്ത്രീശാക്തീകരണത്തിനും യുവതികളിലൂടെ കുടുംബങ്ങളുടെ സാമ്പത്തിക വികസനത്തിനും അതുവഴി സാമൂഹ്യ ഉന്നമനത്തിനുമുതകുന്ന അവസരങ്ങൾ ലഭ്യമാകുന്ന ഒരു വേദി |

ഒരുക്കൽ, സ്ത്രീധനം, ഗാർഹിക പീഡനങ്ങൾ തുടങ്ങി സ്ത്രീകൾ അനുഭവിക്കുന്ന സാമൂഹ്യ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം കണ്ടെത്തുന്നതിനുമുള്ള ഒരു പൊതു വേദി ഒരുക്കൽ എന്നിവ ഓക്സിലറി ഗ്രൂപ്പുകൾ വഴി നടപ്പാക്കി വരുന്നു.

2. ബാക്ക്-ടു-സ്കൂൾ ക്യാമ്പയിൻ:- സാമൂഹിക സാംസ്കാരിക സാമ്പത്തിക മേഖലകളിൽ ഒട്ടനവധി പ്രവർത്തന മികവ് കാഴ്ച വെച്ചിട്ടുള്ള കുടുംബശ്രീ 25 വർഷം പിന്നിട്ട വേളയിൽ കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളെ പുതിയ കാലത്തിന്റെ സാഹചര്യത്തിന് അനുസരിച്ച് പ്രാപ്തമാക്കുന്നതിനും കൂടുതൽ ചലനാത്മകമാക്കുന്നതിനും, കാര്യക്ഷമമാക്കുന്നതിനും വേണ്ടി ആസൂത്രണം ചെയ്ത ബൃഹത്തായ അയൽക്കൂട്ട പരിശീലന പരിപാടിയാണ് 'തിരികെ സ്കൂളിൽ' ക്യാമ്പെയിൻ. വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ 2023 ഓക്ടോബർ 1 മുതൽ 2023 ഡിസംബർ 1 വരെയുള്ള അവധി ദിവസങ്ങളിൽ സ്കൂളുകൾ പ്രയോജനപ്പെടുത്തിയാണ് പ്രസ്തുത ക്യാമ്പെയിൻ സംഘടിപ്പിച്ചത്. ഇപ്രകാരം 3.11 ലക്ഷം അയൽക്കൂട്ടങ്ങളിൽ നിന്നായി ആകെ 38.7 ലക്ഷം പേർ പരിശീലനത്തിൽ പങ്കെടുത്തിട്ടുണ്ട്. ഒരു ക്ലാസ് മുറിയിൽ ഒരു ദിവസം 5 മണിക്കൂറിൽ 5 വിഷയങ്ങളിലായി പരിശീലനം നൽകി. പ്രസ്തുത പരിപാടിക്ക് ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ് ലഭിച്ചിട്ടുണ്ട്.

3. എഡിഎസുകൾക്ക് സ്പെഷ്യൽ റിവോൾവിംഗ് ഫണ്ട്:- കോവിഡ് പശ്ചാത്തലത്തിൽ സാധാരണക്കാർ നേരിട്ട സാമ്പത്തിക ബുദ്ധിമുട്ട് തരണം ചെയ്യുന്നതിന് അയൽക്കൂട്ടങ്ങൾക്ക് ആന്തരിക വായ്പാ പ്രവർത്തനം നടത്തുന്നതിലേയ്ക്കായി എഡിഎസ്സുകൾ മുഖേന പ്രത്യേക റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. ഒരു എഡിഎസ്സ് പരിധിയിലെ അയൽക്കൂട്ടങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിന് ഒരു ലക്ഷം രൂപ എന്ന രീതിയിൽ ആകെ 95 കോടി രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

4. സിഡിഎസ് മെമ്പർമാർക്ക് യാത്ര ബത്തയായി പ്രതിമാസം 500 രൂപ അനുവദിച്ചു

5. 2024-25 സാമ്പത്തിക വർഷം മൂന്നു ലക്ഷം ഉപജീവനമാർഗ്ഗം സൃഷ്ടിക്കുന്നതിനായി കെ ലിഫ്റ്റ് എന്ന പേരിൽ പ്രത്യേക ഉപജീവന ക്യാംമ്പയിൻ സംഘടിപ്പിച്ചു. ഒരു അയൽക്കൂട്ടത്തിൽ നിന്നും ചുരുങ്ങിയത് ഒരു സംരംഭം/തൊഴിൽ എന്ന കണക്കിൽ മൂന്ന് ലക്ഷം ഉപജീവന മാർഗങ്ങൾ സൃഷ്ടിച്ച് കുടുംബശ്രീ അംഗങ്ങൾ, ഓക്സിലറി അംഗങ്ങൾ എന്നിവർക്ക് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുക എന്നതായിരുന്നു ഈ ക്യാമ്പെയിന്റെ പ്രധാന ലക്ഷ്യം. കുടുംബശ്രീ അംഗങ്ങൾ, ഓക്സിലറി അംഗങ്ങൾ, പാലിയേറ്റീവ് ഗുണഭോക്താക്കൾ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്ക് ഇതിലൂടെ ഗുണഫലം ലഭിച്ചിട്ടുണ്ട്. മൂന്ന് ലക്ഷം ഉപജീവന മാർഗങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച മേൽ പദ്ധതിയുടെ ഭാഗമായി 3,05,027 കുടുംബശ്രീ പ്രവർത്തകർക്ക് ഉപജീവന മാർഗ്ഗം സൃഷ്ടിക്കാൻ കുടുംബശ്രീയ്ക്ക് സാധിച്ചിട്ടുണ്ട്.

6. കുടുംബശ്രീ സി ഡി എസ്സുകളെ ISO സർട്ടിഫിക്കേഷൻ പ്രാപ്തമാക്കുന്നതരത്തിൽ നിലവാരം ഉയർത്തുന്നതിനുള്ള

പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ മേൽത്തട്ടായ സി ഡി എസ്സുകളെ ഐ എസ് ഓ സർട്ടിഫൈഡ് ഓഫീസുകളാക്കി ഉയർത്തുന്നതിന് ഈ സാമ്പത്തിക വർഷത്തെ(2025-26) ആക്ഷൻ പ്ലാൻ പ്രകാരം നിശ്ചയിക്കുകയും ആദ്യ ഘട്ടത്തിൽ 600 സി ഡി എസ്സുകളെ ഐ എസ് ഓ സർട്ടിഫൈഡ് ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കിലയുടെ സഹായത്തോടെ നടപ്പിലാക്കുകയും ചെയ്തിരുന്നു. ആയതിന്റെ ഫലമായി നിലവിൽ 617 സി ഡി എസ്സുകളെ ഐ എസ് ഓ സർട്ടിഫൈഡ് സി.ഡി.എസ്സുകളാക്കി മാറ്റാൻ കുടുംബശ്രീയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

7. കുടുംബശ്രീ എ.ഡി.എസ്സുകൾക്ക് പ്രവർത്തനഗ്രാൻഡ് ആയി 1000 രൂപ വീതം പ്രതിമാസം അനുവദിച്ചിട്ടുണ്ട്.

**ഫിനാൻഷ്യൽ ഇൻക്ലൂഷൻ**

കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾക്കും, സാമൂഹിക ആവശ്യങ്ങൾക്കുമായി ആന്തരിക വായ്പ സേവനങ്ങൾ, ബാങ്ക് ലിങ്കേജ്, ബൾക്ക് ലോണുകൾ എന്നീ വായ്പാ സേവനങ്ങൾ നടപ്പിലാക്കി വരുന്നു. ഇത് മൂലം അയൽക്കൂട്ട അംഗങ്ങളുടെ സംരംഭ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ഉപജീവന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സാമൂഹിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

വ്യക്തിഗത, ഗ്രൂപ്പ് സംരംഭങ്ങളുടെ സ്റ്റാർട്ട് അപ്പ് ഫണ്ട് ആയും, ആയത് മെച്ചപ്പെടുത്തുന്നതിനും കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട്, എന്റർപ്രൈസ് വായ്പ സേവനങ്ങൾ അംഗങ്ങൾക്ക് ലഭ്യമാക്കുന്നു. ഇതിലൂടെ വ്യക്തിഗത, ഗ്രൂപ്പ് സംരംഭങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

**സൂക്ഷ്മ സംരംഭങ്ങൾ**

1. പുതിയ സംരംഭ യൂണിറ്റുകൾ : സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം ലക്ഷ്യമിട്ടുകൊണ്ട് വ്യത്യസ്ത ഉപജീവന പ്രവർത്തനങ്ങൾ കുടുംബശ്രീ മിഷൻ നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ സുപ്രധാനമായ ഒന്നാണ് സ്വയംതൊഴിൽ സംരംങ്ങൾ. സൂക്ഷ്മ സംരംഭ മേഖലയിൽ 1,06,895 പുതിയ സംരംഭ യൂണിറ്റുകൾ ആരംഭിച്ചു.
2. KLIFT : KLIFT ഉപജീവന ക്യാമ്പയിനിന്റെ ഭാഗമായി ആകെ 3,05,027 ഉപജീവന മാർഗ്ഗങ്ങൾ സൃഷ്ടിച്ചതിൽ 56,721 പേർക്ക് സൂക്ഷ്മസംരംഭങ്ങൾ വഴിയാണ് തൊഴിൽ ലഭ്യമായത്.
3. പ്രീമിയം ഹോട്ടൽ ശൃംഖല : നിലവിലുള്ള കുടുംബശ്രീ ഭക്ഷണശാലകളിൽ നിന്ന് വേറിട്ട് നിൽക്കുന്ന ഉന്നത നിലവാരം പുലർത്തുന്ന തരത്തിലുള്ള ഭക്ഷണശാലകൾ ആരംഭിക്കുക എന്നുള്ളതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഉന്നതനിലവാരം പുലർത്തുന്ന 15 പ്രീമിയം കഫേ ബ്രാന്റഡ് ഭക്ഷണശാലകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.
4. എം.ഇ.ആർ.സി. : സംരംഭ വിപുലീകരണത്തിന്റെ /പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ ഭാഗമായി ബ്ലോക്കുതലത്തിൽ

33 മൈക്രോ എന്റർപ്രൈസ് റിസോഴ്സ് സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു. (എം.ഇ.ആർ.സി.)

5. കെ4കെയർ : കെയർ ഇക്കോണമിയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ മേഖലകളിൽ സേവനം നൽകുന്നതിനായി സംരംഭ മാതൃകയിൽ കെ4കെയർ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. 1054 പേർക്ക് പരിശീലനം ലഭ്യമാക്കുകയും 785 K4 care എക്സിക്യൂട്ടീവുകൾ പ്രവർത്തിച്ചുവരുകയും ചെയ്യുന്നുണ്ട്.
6. ഷീ സ്റ്റാർട്ട്സ് : അയൽക്കൂട്ട അംഗങ്ങൾക്കു പുറമേ കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമാകാൻ താൽപ്പര്യമുള്ള വനിതകൾക്കായി ആരംഭിച്ച ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾക്ക് സംരംഭപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനായി ഷീസ്റ്റാർട്ട്സ് എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്.
7. ഇൻസ്പെയർ ഇൻഷുറൻസ് പദ്ധതി : സംരംഭകർക്കും സംരംഭങ്ങൾക്കുമായി ഇൻസ്പെയർ എന്ന പേരിൽ ഇൻഷുറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ഹെൽത്ത് ഇൻഷുറൻസ് ഇതിലൂടെ നൽകി വരുന്നു.
8. ഉണർവ്വ് ക്യാമ്പയിൻ : "ഉണർവ്വ്" സിക്ക് എംവി റിവൈവൽ ക്യാമ്പയിന്റെ ഭാഗമായി 1373 യൂണിറ്റുകളെ ഇതിനോടകം പുനരുജ്ജീവിപ്പിച്ചിട്ടുണ്ട്.
9. പ്രവാസി ഭദ്രത : നോർക്കയുമായി ചേർന്ന് തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവരുന്ന പ്രവാസികൾക്ക് ഉപജീവനം ആരംഭിക്കുന്നതിനായി പ്രവാസി ഭദ്രത എന്ന പദ്ധതി ആരംഭിക്കുകയും ഇതിലൂടെ രണ്ടു ലക്ഷം രൂപ പലിശരഹിത വായ്പയായി നൽകുകയും ചെയ്യുന്നു.
10. പി.എം. എഫ്.എം.ഇ. : ഭക്ഷ്യസംസ്കരണ മേഖലയിലെ 2685 സംരംഭങ്ങൾക്ക് 17.92 കോടി രൂപ സീഡ് ഫണ്ട് ഇനത്തിൽ ലഭ്യമാക്കി.
11. ടേക്ക് എ ബ്രേക്ക് : ടേക്ക് എ ബ്രേക്ക് സെന്ററുകളുടെ പ്രിലിമിനറി സർവ്വെ പൂർത്തിയാക്കുകയും 198 സെന്ററുകൾ കുടുംബശ്രീ മുഖേന ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.
12. ഇൻക്യൂബേഷൻ സെന്ററുകൾ : 5 ഇൻക്യൂബേഷൻ സെന്ററുകൾ ആരംഭിച്ച് പ്രവർത്തിച്ചുവരുന്നു.
13. ഒരു സി.ഡി.എസ്. ഒരു എം.ഇ.സി. : ഓരോ സി.ഡി.എസ്സുകളിലും സംരംഭപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു എം.ഇ.സിയുടെ പൂർണ്ണ ചുമതല നൽകി 566 പുതിയ എം.ഇ.സിമാരെ ഇതിനായി തെരെഞ്ഞെടുക്കുകയും പരിശീലനം നൽകുകയും ചെയ്തു.
14. മാ കെയർ, സ്കൂഫെ : വിദ്യാഭ്യാസ വകുപ്പുമായി സംയോജിച്ച് വിദ്യാലയങ്ങളിൽ ആരംഭിക്കുന്ന കഫേ / സ്റ്റേഷനറി ഷോപ്പുകളാണ് മാ കെയർ യൂണിറ്റുകൾ. നിലവിൽ 412 മാ കെയർ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നു.
15. സ്റ്റേവേർസ് പദ്ധതി : ഹോം സ്റ്റേ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി കുടുംബശ്രീ സ്റ്റേവേർസ് പദ്ധതിയുടെ ധാരണാപത്രം

ഒപ്പുവച്ചു.

**മാർക്കറ്റിംഗ്**

സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കി ഡിജിറ്റൽ മേഖലയിൽ കുടുംബശ്രീ കൈക്കൊണ്ടിരിക്കുന്ന പ്രധാന ചുവടുവയ്പ്പാണ് പോക്കറ്റ്മാർട്ട്. പരമ്പരാഗത വിപണന രീതികളോടൊപ്പം സാങ്കേതിക സാധ്യതകൾ ഫലപ്രദമായി ഉപയോഗിച്ച് സ്ത്രീ സംരംഭകർക്ക് വിപുലമായ വിപണി അവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. ഇതിനൊപ്പം, സ്ഥിരം വിപണന കേന്ദ്രങ്ങൾ, മാസ ചന്തകൾ, ട്രേഡ് ഫെയറുകൾ, കുടുംബശ്രീ സരസ്സ് മേള, ഹോംഷോപ്പ്, ബി2ബി മീറ്റുകൾ തുടങ്ങിയ വിവിധ വിപണന പ്രവർത്തനങ്ങളും കുടുംബശ്രീ തുടർച്ചയായി സംഘടിപ്പിച്ചുവരുന്നു. കുടുംബശ്രീ വനിതാ സംരംഭകർ തയ്യാറാക്കുന്ന രുചികരമായ വിഭവങ്ങൾ ഓൺലൈൻ ഫുഡ് ഡെലിവറി രംഗത്തെ പ്രമുഖ ബ്രാൻഡായ സൊമാറ്റോ വഴി ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിനായി കുടുംബശ്രീ സോമറ്റോയുമായി കരാറിൽ ഒപ്പുവച്ചു. ഡൽഹിയിലെ സെൻട്രൽ വിസ്തയിൽ പ്രവർത്തിക്കുന്ന കഫേ കുടുംബശ്രീ ഫുഡ് കിയോസ്ക്, കേരളത്തിന്റെ സമൃദ്ധമായ പാചക പാരമ്പര്യത്തെ രാജ്യത്തിന്റെ തലസ്ഥാനത്ത് എത്തിക്കുന്ന അഭിമാനകരമായ ഒരു സംരംഭമാണ്.

**SISD (Social Inclusion Social Development)**

വൈവിധ്യമാർന്ന പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിയതിലൂടെ പട്ടികവർഗ മേഖലയിലെ ജനവിഭാഗത്തിന്റെ ജീവിത നിലവാരം മെച്ചപ്പെടുത്താനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരാനും കഴിഞ്ഞ പത്ത് വർഷങ്ങളിലായി കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. അട്ടപ്പാടിയിലെ വനസുന്ദരി ചിക്കൻ, മുളയരി പായസം, ഹിൽവാല്യൂ, വയനാട്ടിലെ വൻ ധൻ, മലപ്പുറം നിലമ്പൂരിലെ ഗംന്തേ, കണ്ണൂർ ആറളം ഫാമിലെ ആദികടകൾ, കോക്കോ വെളിച്ചെണ്ണ, എറണാകുളത്തെ കുട്ടമ്പുഴ കോഫി മുതലായ ഉൽപന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണിയിലെത്തിച്ചു. പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ കലാ കായിക മികവുകൾ സമൂഹത്തിന്റെ മുന്നിലേക്ക് കൊണ്ടു വരുന്നതിന്റെ ഭാഗമായി പി.വി.ടി.ജി വിഭാഗത്തിലുള്ള കുട്ടികൾക്ക് ഹ്രസ്വ ചലച്ചിത്ര നിർമ്മാണത്തിൽ പരിശീലനം നല്കുകയും അവർ നിർമ്മിച്ച ചിത്രങ്ങൾ 'കനസ് ജാഗ' എന്ന പേരിൽ 2024-25 ൽ കുട്ടികളുടെ ചലച്ചിത്രോത്സവം സംഘടിപ്പിക്കുകയും ചെയ്തു. കനസ് ജാഗയ്ക്ക് ഏഷ്യ ടാലന്റ് റെക്കോർഡ് ലഭിച്ചു. തദ്ദേശീയ മേഖലയിലെ ഗോത്ര കലാ രൂപങ്ങളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ സൂക്ഷ്മ സംരംഭ സാധ്യത വർധിപ്പിക്കുന്നതിനും അവയെ ഐ.ഇ.സി., വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കുന്നതും ലക്ഷ്യമിട്ട് 2025-26 ൽ ആരംഭിച്ച പദ്ധതിയാണ് ജനഗൽസ. തദ്ദേശീയ മേഖലയിലെ കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷാ നൈപുണ്യം നൽകുന്നതിനായി കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ''കമ്യൂണിക്കോർ'. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യം വർധിപ്പിച്ചു കൊണ്ട് ഗുണമേൻമയുള്ള ഉന്നതവിദ്യാഭ്യാസവും തൊഴിൽ അവസരങ്ങളും ഒപ്പം ഡിജിറ്റൽ സാക്ഷരതയും ലഭ്യമാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. തദ്ദേശീയ മേഖലയിലെ യുവജനതയെ നൂതന ഉപജീവന മാർഗ്ഗങ്ങൾ

കണ്ടെത്തുന്നതിന് പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതിയാണ് കുടുംബശ്രീ ട്രൈബൽ എൻറർപ്രൈസസ് ആൻറ് ഇന്നവേഷൻ സെൻറർ അഥവാ കെ ടിക്.

ഉജ്ജീവനം, ബഡ്സ് ദിനം, പ്രത്യേക ഉപജീവന പദ്ധതി, ശുചിത്വോത്സവം, സജ്ജം, ജില്ലാതല പ്രവർത്തനങ്ങൾ, ബാല പാർലമെന്റ്, ഡിജിറ്റൽ സാക്ഷരതാ ബോധവൽക്കരണം, മധുരം, വയോജനങ്ങൾക്കുള്ള ഉപജീവനം, ഭിന്നശേഷിക്കാർക്കുള്ള ഉപജീവനം, കാര്യക്ഷമതാ പരിപോഷണവും പരിശീലനങ്ങളും മീറ്റിംഗുകളും, ബഡ്സ് കലോത്സവം, കപ്പാസിറ്റി ബിൽഡിംഗ്, ശുചിത്വ ഉച്ചകോടി, മൈൻഡ് ബ്ലോവേർസ്, മൈൻഡ് ബ്ലോവേർസ്- ലിയോറ ഫെസ്റ്റ്, ഡ്രീം വൈബ് - ബാലസദസ്സ് എന്നിവയും നടപ്പാക്കി.

**ജെണ്ടർ**

വുമൺ പവർ - ലൈഫ് മാസ്റ്റർ പ്ലാൻ, സ്നേഹിത പോലീസ് എക്സ്റ്റെൻഷൻ സെന്റർ, ഉയരെ - സംസ്ഥാന ജെൻഡർ ക്യാമ്പയിൻ, നയീ ചേതന ജെൻഡർ ക്യാമ്പയിൻ, ധീരം - കരാട്ടെ പരിശീലനം, രംഗശ്രീ സംസ്ഥാന കൺസോർഷ്യം എന്നീ പരിപാടികൾ നടപ്പാക്കി.

**FNHW (Food, Nutrition, Health & Wash )**

ഭക്ഷണം, ആരോഗ്യം, പോഷകാഹാരം, വാഷ് മേഖലകളുമായി ബന്ധപ്പെട്ട് എസ്.ബി.സി.സി മോഡ്യൂളുകൾ തയ്യാറാക്കി സംസ്ഥാനത്തെ എല്ലാ സി.ഡി.എസ്, എ.ഡി.എസ്, അയൽക്കൂട്ട തലങ്ങളിൽ വ്യാപകമായ അവബോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു. പോഷകാഹാരം , സമീകൃത ആഹാരം , പ്രാദേശികമായി ലഭ്യമാകുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ഉപയോഗം കൂട്ടുന്നതിനായി സി.ഡി.എസ് .എ ഡി എസ്സ് , അയൽക്കൂട്ട തലങ്ങളിൽ 891 ഭക്ഷ്യമേളകളും 1112 പോഷകാഹാര പ്രദർശന മേളകളും സംഘടിപ്പിച്ചിട്ടുണ്ട്. വനിതാ ശിശുവികസന വകുപ്പ് , ആരോഗ്യ കുടുംബക്ഷേമ വകുപ്പ് എന്നീ വകുപ്പുകളുമായി സംയോജിച്ചു ഭക്ഷണം, ആരോഗ്യം, പോഷകാഹാരം എന്നീ മേഖലകളിൽ പോഷൺ മാഹ്, പോഷൺ പഖ്വാഡ, ടി.ബി, സിക്കിൾ സെൽ അനീമിയ, അനീമിയ, മന്ത് രോഗ നിവാരണ പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

**കാർഷികം**

കെ-ടാപ്പ് (K-TAP), K-INAM Brand, സംഘകൃഷി (JLG), പുനർജീവനം, അഗ്രി തെറാപ്പി, ഓണക്കണി, സ്മാർട്ട് ഫാമിംഗ് (Smart Farming), വിപണന സംവിധാനം, കാർഷിക സംരംഭങ്ങൾ, പോഷക ഉദ്യാനങ്ങൾ, ഇന്റഗ്രേറ്റഡ് ഫാമിംഗ് ക്ലസ്റ്ററുകൾ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തുടനീളം 4,32,667 വനിതകൾ അംഗങ്ങളായ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (JLG) വഴി 21,457.13 ഹെക്ടർ ഭൂമിയിൽ കൃഷി വ്യാപിപ്പിച്ചു. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ കാർഷിക സംരംഭങ്ങളെ ആഗോള നിലവാരത്തിലേക്ക് ഉയർത്തുന്നതിനായി തയ്യാറാക്കിയ K-INAM ബ്രാൻഡിന് കീഴിൽ 30 ഓളം

ഉൽപ്പന്നങ്ങളാണ് ആഗോള വിപണി ലക്ഷ്യമിട്ട് പുറത്തിറക്കിയിരിക്കുന്നത്. കുടുംബശ്രീ ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാം വഴി ICAR-ൽ നിന്നുള്ള 180 സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി കാർഷിക ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിച്ചു. കൃഷിയെ ഒരു ഉപജീവന മാർഗ്ഗം എന്നതിലുപരിയായി ലാഭകരമായ ഒരു വ്യവസായമായി (Agri-Business) മാറ്റിയെടുക്കാനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. K-TAP പോലുള്ള പദ്ധതികളിലൂടെ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ ആഗോള വിപണിയിൽ എത്തിക്കുന്നത് വഴി സ്ത്രീകളുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാക്കാൻ സാധിക്കും.

**മൃഗസംരക്ഷണം**

പശു സഖി, എ ഹെൽപ്പ്, എ ബി സി പദ്ധതി, പ്രൊഡ്യൂസർ ഗ്രൂപ്പ്, ക്ഷീരസാഗരം, ആട്ടഗ്രാമം പദ്ധതി, പോത്തുകുട്ടി വളർത്തൽ പദ്ധതി, പൗൾട്രി സ്കീം, ഫിഷറീസ്, കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് എന്നിവ മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കി വരുന്നു.

**കേരള ചിക്കൻ**

കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 512 ബ്രോയ്ലർ ഫാമുകളും, 159 ഔട്ട്ലെറ്റുകളും ആരംഭിച്ചു . ഇതിലൂടെ 1000 ത്തിൽ പരം കുടുംബങ്ങൾക്ക് ഒരു സ്ഥിര വരുമാനം കണ്ടെത്തുവാൻ സാധിക്കുന്നു. കേരളത്തിലെ ആഭ്യന്തര ഇറച്ചി കോഴി ഉത്പാദനത്തിന്റെ 10 ശതമാനം ഉത്പാദിപ്പിക്കാൻ കുടുംബശ്രീ കേരള ചിക്കന് സാധിച്ചിട്ടുണ്ട്. കൂടാതെ 'കുടുംബശ്രീ കേരള ചിക്കൻ' എന്ന ബ്രാൻഡ് നാമത്തിൽ ഫ്രോസൺ, ചിൽഡ് ഉത്പന്നങ്ങൾ വിപണയിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്.

**NULM**

സാമൂഹ്യ സംഘാടനവും സ്ഥാപന വികസനവും (SMID), നൈപുണ്യ പരിശീലനവും നിയമനവും (ESTP), സ്വയം തൊഴിൽ പദ്ധതി (SEP), നഗരത്തിലെ ഭവന രഹിതർക്കുള്ള പാർപ്പിട പദ്ധതി (SUH), നഗരത്തിലെ തെരുവ് കച്ചവടക്കാർക്കുള്ള സഹായ പദ്ധതി (SUSV) എന്നിവ NULM വഴി നടപ്പിലാക്കി. നഗര ദാരിദ്ര്യ ലഘൂകരണം ലക്ഷ്യമിട്ട് സംസ്ഥാനത്തെ 93 നഗരസഭകളിൽ നടപ്പാക്കുന്ന ദേശീയ നഗര ഉപജീവന ദൗത്യം-പദ്ധതി മുഖേന 6123 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. 10200 അയൽക്കൂട്ടങ്ങൾക്ക് 10,000 രൂപ വീതം റിവോൾവിങ്ങ് ഫണ്ട് ലഭ്യമാക്കി. 50,000 രൂപ വീതം 163 എ.ഡി.എസുകൾക്ക് റിവോൾവിങ്ങ് ഫണ്ട് ലഭ്യമാക്കി. 6825 നഗരദരിദ്രർക്ക് പദ്ധതി വഴി തൊഴിൽ നൈപുണ്യ പരിശീലനം പൂർത്തിയാക്കി. 6650 നഗരദരിദ്രർക്ക് തൊഴിൽ നൈപുണ്യ പരിശീലനം പൂർത്തിയാക്കിയതിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്തു. ടി പദ്ധതിയിലൂടെ വിവിധ തൊഴിൽ നൈപുണ്യ പരിശീലനത്തിൽ പങ്കെടുത്തതു വഴി സംരംഭം തുടങ്ങുകയും ജോലി ലഭിച്ചവരും ഉൾപ്പെടെ 4750 പേർക്ക് ഉപജീവന മാർഗം ലഭ്യമായി. നഗരമേഖലയിൽ 3619 വ്യക്തിഗത സൂക്ഷ്മസംരംഭങ്ങൾ ആരംഭിച്ചു. നഗരമേഖലയിൽ 5022 ഗ്രൂപ്പ്തല സൂക്ഷ്മസംരംഭങ്ങൾ ആരംഭിച്ചു.

24902 അയൽക്കൂട്ടങ്ങൾക്ക് ലിങ്കേജ് വായ്പ ലഭ്യമാക്കി. തെരുവുകളിൽ ഭവനരഹിതരായി കഴിയുന്നവർക്കായി 31 ഷെൽട്ടറുകൾ നിർമ്മിക്കുകയും 21 ഷെൽട്ടറുകൾക്ക് നടത്തിപ്പിനും പുനരുദ്ധാരണത്തിനും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. 7022 തെരുവു കച്ചവടക്കാർക്ക് തിരിച്ചറിയൽ കാർഡ് ലഭ്യമാക്കി. 6537 തെരുവു കച്ചവടക്കാർക്ക് വെൻഡിങ്ങ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി. നാല് വെൻഡിങ്ങ് മാർക്കറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

**പി.എം.എ.വൈ (നഗരം)**

പി എം എ വൈ നഗരം ലൈഫ് പദ്ധതി പ്രകാരം അംഗീകാരം ലഭ്യമാക്കിയ 127048 വീടുകളിൽ 99490 വീടുകൾ സ്ത്രീകളുടെ പേരിലാണ് നൽകിയിട്ടുള്ളത്.

(ബി) കുടുംബശ്രീ ടെക്നോളജി അസൈൻമെന്റ് പ്രോഗ്രാം മുഖേന ഇന്ത്യയിലെ പ്രശസ്ത കാർഷിക സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും കുടുംബശ്രീ കരസ്ഥമാക്കിയ സാങ്കേതികവിദ്യകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇന്ത്യയിലെ പ്രശസ്ത കാർഷിക ഗവേഷണ സാങ്കേതിക സ്ഥാപനങ്ങളായ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രിക്കൾച്ചർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളായ ICAR-CTCRI യിൽ നിന്നും കിഴങ്ങു വിളകളുടെ മൂല്യ വർധിത ഉത്പങ്ങൾ തയാറാക്കുന്ന 12 ടെക്നോളോജികൾ, ICAR-CPCRI യിൽ നാളികേര വിളയുടെ 4 മൂല്യ വർധിത ഉത്പന്നങ്ങൾ തയാറാക്കുന്ന ടെക്നോളജികൾ , ICAR-NRCB നിന്നും ബനാന മൂല്യ വർധിത ഉത്പന്നങ്ങൾ തയാറാക്കുന്ന 20 ടെക്നോളോജികൾ, കൗൺസിൽ ഓഫ് സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുകളായ CSIR-CFTRI യിൽ നിന്നും ഭക്ഷ്യ വിളകളുടെ മൂല്യ വർധിത ഉത്പന്നങ്ങൾ തയാറാക്കുന്ന 93 ടെക്നോളോജികൾ, CSIR-NIIST നിന്നും മില്ലറ്റ്സ് ബേസ്ഡ് ഉത്പന്നങ്ങളുടെ 5 ടെക്നോളോജികൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രെനർഷിപ് ആൻഡ് മാനേജ്മന്റ് (NIFTEM-T)-ൽ നിന്നും മുരിങ്ങ, മില്ലറ്റ്സ്, ഫ്രൂട്സ് തുടങ്ങിയ വിളകളുടെ 26 ടെക്നോളോജികൾ , കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി (KAU) യിൽ നിന്നും അഗ്രിക്കൾച്ചറൽ ഉത്പന്നങ്ങളുടെ 20 ടെക്നോളജികൾ എന്നിങ്ങനെ 180 ടെക്നോളജികൾ ആണ് കുടുംബശ്രീ കരസ്ഥമാക്കിയിരിക്കുന്നത് .

(സി) കുടുംബശ്രീ സംരംഭമായ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ചിട്ടുള്ള ബ്രോയ്‌ലർ ഫാമുകളുടെയും ഔട്ട്‌ലെറ്റുകളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) നിലവിൽ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 13 ജില്ലകളിലായി 512 ബ്രോയ്ലർ ഫാമുകളും 10 ജില്ലകളിലായി 159 ഔട്ട്ലെറ്റുകളും ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ അംഗങ്ങളായ വനിതകളാണ് ഫാമിന്റെയും ഔട്ട്ലെറ്റിന്റെയും ഗുണഭോക്താക്കൾ .ഫാമുകളുടെയും ഔട്ട്ലെറ്റുകളുടെയും ജില്ല തിരിച്ചിട്ടുള്ള കണക്ക് ചുവടെ ചേർക്കുന്നു .

| **ജില്ല** | **ഫാമുകളുടെ എണ്ണം** | **ഔട്ട്ലെറ്റുകളുടെ എണ്ണം** |
|---|---|---|
| തിരുവനന്തപുരം | 72 | 20 |
| കൊല്ലം | 64 | 20 |
| പത്തനംതിട്ട | 4 | 0 |
| ആലപ്പുഴ | 11 | 1 |
| കോട്ടയം | 67 | 24 |
| എറണാകുളം | 59 | 29 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>തൃശ്ശൂർ</td><td>57</td><td>19</td></tr>
<tr><td>പാലക്കാട്</td><td>58</td><td>9</td></tr>
<tr><td>മലപ്പുറം</td><td>35</td><td>11</td></tr>
<tr><td>കോഴിക്കോട്</td><td>38</td><td>20</td></tr>
<tr><td>വയനാട്</td><td>5</td><td>0</td></tr>
<tr><td>കണ്ണൂർ</td><td>31</td><td>6</td></tr>
<tr><td>കാസർകോട്</td><td>11</td><td>0</td></tr>
<tr><td>ആകെ</td><td>512</td><td>159</td></tr>
</table>
</td></tr>
<tr><td>(ഡി)</td><td>കുടുംബശ്രീ ഉത്പന്നങ്ങൾ ഓൺലൈൻ വഴി വിറ്റഴിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;</td><td>(ഡി)</td><td>കുടുംബശ്രീ സംരംഭകരുടെ ഉൽപന്നങ്ങൾ ഓൺലൈൻ വഴി വിപണനം നടത്തുന്നതിനായി വിവിധ മാർഗങ്ങൾ സ്വീകരിച്ചു വരുന്നു, അതിൽ ഒന്നാണ് കുടുംബശ്രീയുടെ തനത് ഡിജിറ്റൽ മാർക്കറ്റിംഗ് പ്ലാറ്റഫോം ആയ പോക്കറ്റ്മാർട്ട്-ദി കുടുംബശ്രീ സ്റ്റോർ. കൂടാതെ, കൂടുതൽ വിപണനാവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഒ.എൻ.ഡി.സി., ആമസോൺ, ഫ്ളിപ്കാർട്ട്, മീഷോ തുടങ്ങിയ മുൻനിര ഓൺലൈൻ വ്യാപാര പ്ലാറ്റ്ഫോമുകളിലും രജിസ്റ്റർ ചെയ്ത കുടുംബശ്രീ ഉൽപ്പന്നങ്ങൾ ലഭ്യമാവുന്നുണ്ട്. കുടുംബശ്രീ വനിതാ സംരംഭകർ തയ്യാറാക്കുന്ന വിഭവങ്ങൾ ഫുഡ് ഡെലിവറി രംഗത്തെ പ്രമുഖ ബ്രാന്റായ സൊമാറ്റോയിലും ഉൾപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>(ഇ)</td><td>സി.ഡി.എസ്. (കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി)കളുടെ പ്രവർത്തനങ്ങൾ കാലാനുസൃതമായി മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ?</td><td>(ഇ)</td><td>കുടുംബശ്രീ സി ഡി എസ്സുകളെ ISO നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു, പുതിയ കാലത്തിനനുസരിച്ച് കുടുംബശ്രീ സംവിധാനത്തെ ഉയർത്തുന്നതിന് ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കുടുംബശ്രീ ബൈലോ ഭേദഗതി ചെയ്തിട്ടുണ്ട്. ഓഡിറ്റിനു ശേഷം ഓരോ എ ഡി എസ്സിന്റെയും അയൽക്കൂട്ടത്തിന്റെയും വാർഷിക ഓഡിറ്റ് റിപ്പോർട്ട് പരിശോധിച്ച് ഓഡിറ്റ് പരാമർശപ്രകാരമുള്ള പോരായ്മകൾ / ക്രമക്കേടുകൾ പരിഹരിക്കുന്നതിനും തുടർ നടപടികൾക്ക് ശുപാർശ ചെയ്യുന്നതിനും അധികാരമുള്ള സി ഡി എസ് ഓഡിറ്റ് സമിതി ഓരോ സി ഡി എസ്സിലും രൂപീകരിക്കുന്നതിന് ബൈലോ ഭേദഗതി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഓക്സിലറി ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ചും ബൈലോ ഭേദഗതി വ്യവസ്ഥ ചെയ്തിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ